ഭരണഭാഷ മാതൃഭാഷ

ജില്ലാ പെർഫോമൻസ് ഓഡിറ്റ് വിഭാഗം, മലപ്പുറം

ബി 3 ബ്ലോക്ക് ഒന്നാംനില, സിവിൽ സ്റ്റേഷൻ - മലപ്പുറം 676505

ഇമെയിൽ : adcpamlp@gmail.com

17/ഡി.പി.എ/26/എം.എൽ.പി.എം തിയ്യതി 11/05/2026

ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
മലപ്പുറം

പ്രസിഡന്റ് /സെക്രട്ടറി
തിരൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം - ജില്ലാ പെർഫോമൻസ് ഓഡിറ്റ് - മലപ്പുറം - **തിരൂർ** ബ്ലോക്ക് പഞ്ചായത്ത് - 01/04/2024 മുതൽ 31/03/2025 വരെ - കാലയളവിലെ ഓഡിറ്റ് റിപ്പോർട്ട് - അയക്കുന്നത് - സംബന്ധിച്ച്.

തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ **01/04/2024** മുതൽ **31/03/2025** വരെ കാലയളവിലെ ഓഡിറ്റ് റിപ്പോർട്ട് ഇതോടൊപ്പം അയക്കുന്നു. ടി റിപ്പോർട്ട് ഭരണസമിതിയിൽ ചർച്ച ചെയ്ത് 15 ദിവസത്തിനകം മറുപടി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വാസപൂർവ്വം,

മലപ്പുറം ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർക്ക് വേണ്ടി

ഉള്ളടക്കം *.മേൽ പരാമർശിച്ചത്*

പകർപ്പ്- അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ തദ്ദേശ സ്വയംഭരണ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ് അനക്സ് -1, തിരുവനന്തപുരം 695001

ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ്, മലപ്പുറം 676505

(അറിവിലേക്കും തുടർനടപടികളിലേക്കുമായി)

പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട്

കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളും തദനുസരണമായ സർക്കാർ ഉത്തരവുകളും പ്രകാരം മലപ്പുറം ജില്ലാ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ പുറപ്പെടുവിക്കുന്ന തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട്.

ഭാഗം -1 പൊതുവിവരങ്ങൾ

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര് - **തിരൂർ ബ്ലോക്ക് പഞ്ചായത്ത്**
ഉൾപ്പെടുന്ന ജില്ല - മലപ്പുറം
ഓഡിറ്റിന് വിധേയമായ കാലയളവ് - 01.04.2024 മുതൽ 31.03.2025 വരെ
ഓഡിറ്റ് നടത്തിയ കാലയളവ് - 20/04/2026 മുതൽ 27/04/2026 വരെ

ഓഡിറ്റ് പരിശോധന നടത്തിയ ഉദ്യോഗസ്ഥൻമാർ

1. ശ്രീ.സലീം ഓടക്കൽ (സെക്ഷൻ ഓഫീസർ)
2. ശ്രീ.അബ്ദുറഹിമാൻ. പി (അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ)
3. ശ്രീ.രഞ്ജിത് കെ.വി (അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ)

ഭാഗം -2 തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിവരങ്ങൾ

ബ്ലോക്ക് പഞ്ചായത്തിന്റെ വിസ്തീർണ്ണം..... - 102.2 ച.കി.മീ
ജനസംഖ്യ ..... - 206842
വിടുകളുടെ എണ്ണം ..... - 98412
ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം/വിവരം..... - 6, (വെട്ടം, തലക്കാട്, തിരുനാവായ, തൃപ്രങ്ങോട്, മംഗലം, പുറത്തൂർ)
ബ്ലോക്ക്പഞ്ചായത്ത് ഡിവിഷനുകളുടെ എണ്ണം - 15
വനിതാ സംവരണ ഡിവിഷനുകളുടെ എണ്ണം - 8
പട്ടികജാതി സംവരണ ഡിവിഷനുകളുടെ എണ്ണം- 1
പട്ടിക വർഗ്ഗ സംവരണ ഡിവിഷനുകളുടെ എണ്ണം- 0
പ്രസിഡന്റ് .....- അഡ്വ.യു.സൈനുദ്ധീൻ
വൈസ് പ്രസിഡന്റ് .....- ശ്രീമതി.പ്രീത പുളിക്കൽ
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
(എ) ധനകാര്യം ..... -ശ്രീമതി.പ്രീത പുളിക്കൽ
(ബി) ക്ഷേമകാര്യം ..... -ശ്രീമതി.ഉഷ കാവീട്ടിൽ
(സി) വികസന കാര്യം ..... -ശ്രീ. പി.കുമാരൻ
(ഡി) ആരോഗ്യം, വിദ്യാഭ്യാസം ..... -ശ്രീ. ഇസ്മായിൽ.ടി
സെക്രട്ടറി.....- ശ്രീമതി.സുസ്മിത.ബി

സെക്രട്ടറി ഉൾപ്പെടെ ജീവനക്കാരുടെ ആകെഎണ്ണം-

സ്ഥിരം.....- 27

കരാറടിസ്ഥാനത്തിൽ.....- 3

താല്ക്കാലികം.....- 1

ഭാഗം -3 – വരവ് ചെലവുകൾ

പട്ടിക -II (എ)				
വികസന ഫണ്ട് (2024–2025)				
ഇനം	ജനറൽ(രൂപ)	എസ്സിപി (രൂപ)	ടി.എസ്.പി(രൂപ)	ആകെ(രൂപ)
മുൻ ബാക്കി	0	0	0	0
2024-25-ലെ വിഹിതം	4,16,26,000	1,20,94,000	0	5,37,20,000
ആകെ	4,16,26,000	1,20,94,000	0	5,37,20,000
2024-25-ലെ ചെലവ്	3,91,65,708	1,20,94,000	0	5,12,59,708
നീക്കിയിരിപ്പ്	24,60,292	0	0	24,60,292

പട്ടിക -II (ബി)			
മെയിന്റനൻസ് (2024–2025)			
ഇനം	മെയിന്റനൻസ് ഫണ്ട്(രൂപ)	ബിപിഎഫ്എ-I - (ജിപിജി ഉൾപ്പെടെ) (രൂപ)	ബിപിഎഫ്എ-I -ൽ ഉൾപ്പെട്ട ജിപിജി യുടെ കണക്ക്(രൂപ)
മുൻ ബാക്കി	0	0	0
2024–2025-ലെ വിഹിതം	2,23,57,000	79,17,000	
ആകെ	2,23,57,000	79,17,000	
2024–2025-ലെ ചെലവ്	1,57,40,179	19,49,797	
നീക്കിയിരിപ്പ്	66,16,821	59,67,203	

പട്ടിക II (C) (2024–2025)				
ബ്ലോക്ക് പഞ്ചായത്തിലെ നിലവിലുള്ള ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ				
ക്രമ നമ്പർ	അക്കൗണ്ട് നമ്പർ,	ബാങ്കിന്റെ/ ട്രഷറിയുടെ പേര്	ഫണ്ടിന്റെ പേര്	2025 മാർച്ച് 31-ലെ നീക്കിയിരിപ്പ് (രൂപ)
1	850510110013452	Bank of India	CFC GRANT	3,30,08,180
2	850510110010419	Bank of India	GST	6,526
3	850510110013697	Bank of India	Health Grant	62,36,877
4	850510110007859	Bank of India	Revenue recovery account (PMAY SCP)	63
5	850510110007860	Bank of India	PMAY General & Beneficiary Contribution	4,63,842
6	074904000204477	IDBI	SBM	--
7	0749104000237185	IDBI	TSC, Nirmal Puraskar	15,86,039
8	40253101000894	Kerala Gramin Bank	TSC old Account	3,042
9	41611956831	State Bank of India	E-Tender	3,99,424
10	799013000000378	Sub-Treasury, Tirur	LGTSB	0

പട്ടിക - 2 (ഡി) - (2024 – 2025)	
ക്യാഷ് ഇൻ ഹാൻഡ്	0
സബ്സിഡയറി ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്	0
മുകളിൽ പ്രസ്താവിക്കാത്ത മറ്റുതരത്തിലുള്ള നീക്കിയിരിപ്പുകൾ (വിശദ വിവരം സഹിതം)	0

പട്ടിക - 3 - മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടി		
വർഷം	ഖണ്ഡികകളുടെ എണ്ണം	
	സ്റ്റേറ്റ് ഓഡിറ്റ്	പെർഫോമൻസ് ഓഡിറ്റ്
1996-97	56	
1997-98		0
1998-99		0
1999-2000		0
2000-01		1
2001-02		0
2002-03		6
2003-04		9
2004-05		2
2005-06		0
2006-07		1
2007-08		2
2008-09		0
2009-10		2
2010-11	9	0
2011-12	0	5
2012-13	10	0
2013-14	9	3
2014-15	10	9
2015-16	25	9
2016-17	12	6
2017-18	21	11
2018-19	14	25

2019-20	8	6
2020-21	16	9
2021-22	15	9
2022-23	23	10
2023-24	26	26
അക്കൗണ്ടന്റ് ജനറൽ ഓഡിറ്റിൽ തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകൾ വർഷം തിരിച്ച്		
2009-10 - 2013-14	3	

ഭാഗം – IV (I) - ഗുരുതരമായ ക്രമക്കേടുകൾ

കൊയ്ത്ത് മെതി യന്ത്രം വാങ്ങൽ പദ്ധതിയിലെ അപാകതകൾ സംബന്ധിച്ച്

2022-23 സാമ്പത്തിക വർഷത്തിലാണ് **കൊയ്ത്ത്മെതി യന്ത്രം വാങ്ങൽ (Project No. S0-076/23)** എന്ന പദ്ധതി നടപ്പിലാക്കിയത്. പദ്ധതി പ്രകാരം 27 ലക്ഷം രൂപ ചെലവഴിച്ച് കൊയ്ത്ത്മെതി യന്ത്രം വാങ്ങി തൃപ്രങ്ങോട് സർവ്വീസ് സഹകരണ ബാങ്കിന് നൽകിയിരുന്നു. സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക 6:1:11 പ്രകാരം കർഷക തൊഴിലാളി സംഘം അല്ലെങ്കിൽ സമിതികൾക്കോ മാത്രമാണ് കൊയ്ത്ത്മെതി യന്ത്രം വാങ്ങി നൽകാൻ കഴിയുകയുള്ളൂ എന്നതിനാൽ മാനദണ്ഡങ്ങൾ പ്രകാരമല്ലാത്ത നടപടി ഓഡിറ്റ് അംഗീകരിക്കുന്നില്ലെന്നും ബ്ലോക്ക് പഞ്ചായത്ത് കൊയ്ത്ത്മെതി യന്ത്രം വാങ്ങി സർവ്വീസ് സഹകരണ ബാങ്കിന് നൽകിയ നടപടിക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണന്ന് 2023-24 വർഷത്തിലെ പെർഫോർമൻസ് ഓഡിറ്റ് നേരിട്ടറിയിക്കുകയും ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. കൂടാതെ ബൈലോ തയ്യാറാക്കുന്നതിനും വരവ് ചെലവ് കണക്കുകൾ 3 മാസങ്ങൾ കൂടുമ്പോൾ കൃത്യമായി പരിശോധിക്കണമെന്നും അറിയിച്ചിരുന്നു.

2023-24 വർഷത്തിലെ പെർഫോർമൻസ് ഓഡിറ്റിൽ കൊയ്ത്ത്മെതി യന്ത്രം സംബന്ധിച്ച കണക്കുകൾ കൃത്യമായി ഹാജരാക്കാത്തത് സംബന്ധിച്ചും കൃഷി ഓഫീസറോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ കൊയ്ത്ത്മെതി യന്ത്രത്തിന്റെ പ്രവർത്തനത്തെ മോണിറ്റർ ചെയ്യാത്തത് സംബന്ധിച്ചും ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

03-03-2025 തീയതിയിൽ സാങ്കേതിക കാരണങ്ങളാൽ ബാങ്ക് കൊയ്ത്ത്മെതി യന്ത്രം ആവശ്യമില്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിനോട് കൊയ്ത്ത് മെതി യന്ത്രം തിരിച്ചെടുക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. 27 ലക്ഷം രൂപ ചെലവഴിച്ച് ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയ കൊയ്ത്ത് മെതിയന്ത്രം നിലവിൽ ഉപയോഗപ്പെടുത്തുന്നില്ല. താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

എ) സബ്സിഡി മാർഗ്ഗ രേഖ പ്രകാരമല്ലാതെ തുക ചെലവഴിച്ചതിന് സർക്കാർ സാധൂകരണം നാളിതുവരെയായും ലഭ്യമാക്കിയിട്ടില്ല.

ബി) ഓഡിറ്റുകളിൽ തുടർച്ചയായി ശ്രദ്ധയിൽപ്പെടുത്തിയിട്ടുകൂടി കണക്കുകൾ സമയാസമയങ്ങളിൽ പരിശോധിക്കുന്നതിനോ പദ്ധതിയുടെ പ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യുന്നതിനോ കഴിഞ്ഞില്ല എന്നത് ഗൌരവതരമാണ്.

സി) തിരുർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള കൃഷി സ്ഥലങ്ങളിലെ ഉൽപ്പാദന വർദ്ധനവ് വിഭാവനം ചെയ്ത് നടപ്പിലാക്കിയ പദ്ധതി പ്രകാരം വാങ്ങിയ കൊയ്ത്ത്മെതി യന്ത്രം ആലപ്പുഴയിലും ചെങ്ങന്നൂരിലും ഉപയോഗപ്പെടുത്തിയത് സംബന്ധിച്ച് വിശദീകരണം ആവശ്യമാണ്. തിരുർ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ക്ഷീര കർഷകർക്ക് തന്നെ അവർക്ക് ആവശ്യമുള്ള സമയത്ത് മെഷീൻ ലഭ്യമാക്കിയിട്ടില്ലെന്ന് പാടശേഖര സമിതികൾ പരാതികൾ തന്നിട്ടുള്ളതായി കാണുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള കൃഷി സ്ഥലങ്ങളിൽ ആവശ്യം വരാത്ത സമയങ്ങളിൽ സമീപപ്രദേശത്തെ കൃഷിക്ക് ഉപയുക്തമാക്കാമെങ്കിലും ദൂരസ്ഥലങ്ങളിൽ വാഹനം കൊണ്ടുപോകുന്നതിന് യന്ത്രത്തിന്റെ ഉടമസ്ഥരായ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെയോ നിർവ്വഹണ ഉദ്യോഗസ്ഥന്റെയോ

അനുവാദം ബാങ്ക് തേടേണ്ടതുണ്ട്. അനുവാദം തേടാതെ ദീർഘദൂര സ്ഥലങ്ങളിലേക്ക് വാഹനം കൊണ്ടുപോയത് സംബന്ധിച്ച് വിശദീകരണം ആവശ്യമാണ്.

ഡി) കരാർ വ്യവസ്ഥ (3) പ്രകാരം കൊയ്ത്ത്മെതി യന്ത്രം പ്രവർത്തിപ്പിക്കുന്നതിന് പരിചയസമ്പന്നരായ ഡ്രൈവറെ ബാങ്ക് സ്വന്തം ഉത്തരവാദിത്വത്തിൽ ശമ്പളവ്യവസ്ഥയിലോ കമ്മീഷൻ വ്യവസ്ഥയിലോ നിയമിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും ഇക്കാര്യത്തിൽ ബാങ്ക് വീഴ്ച വരുത്തിയതായി കാണുന്നു. ആയത് ഉറപ്പ് വരുത്തുന്നതിൽ മോണിറ്ററിംഗ് കമ്മിറ്റിക്കും വീഴ്ച സംഭവിച്ചു. പാടശേഖര സമിതികൾ കൊയ്ത്ത് മെഷീൻ ആവശ്യപ്പെട്ട സമയത്ത് ഡ്രൈവറില്ല എന്ന കാരണത്താൽ അവരുടെ ആവശ്യം നിരസിക്കപ്പെട്ടു.

ഇ) കരാർ വ്യവസ്ഥ (4) പ്രകാരം കൊയ്ത്ത് മെതി റിപ്പയർ ചെലവ് അടുത്ത ബാങ്ക് ഭരണസമിതിയിൽ നിന്നും അംഗീകാരം വാങ്ങി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയെ രേഖാമൂലം അറിയിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും ആയതനുസരിച്ച് ബാങ്ക് പ്രവർത്തിച്ചതായി കാണുന്നില്ല.

എഫ്) കരാർ വ്യവസ്ഥ (5) പ്രകാരം ഓരോ 3 മാസം കൂടുമ്പോഴും കൊയ്ത്ത് മെതി യന്ത്രത്തിന്റെ വരവ് ചെലവ് കണക്കുകൾ ബാങ്ക് ഭരണസമിതിയുടെ അംഗീകാരത്തോടെ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിക്ക് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും ഇക്കാര്യത്തിൽ ബാങ്ക് ഭരണസമിതി വീഴ്ച വരുത്തിയതായി കാണുന്നു.

ജി) കരാർ വ്യവസ്ഥ (6) പ്രകാരം കൊയ്ത്ത്മെതി യന്ത്രം ആവശ്യമുള്ള കർഷകർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ ആ പ്രദേശത്തെ കൃഷിഓഫീസറുടെ ശുപാർശയോടെ ബാങ്കിൽ സമർപ്പിക്കേണ്ടതാണെന്നും രജിസ്റ്റർ ചെയ്യുന്ന അപേക്ഷകളുടെ മുൻഗണനാക്രമത്തിൽ കർഷകർക്ക് യന്ത്രം നൽകുന്നതാണെന്നും കർഷക സമിതി ആവശ്യപ്പെടുന്ന പക്ഷം അവർക്ക് മുൻഗണന നൽകുമെന്നും വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും ഇക്കാര്യത്തിൽ കൃത്യമായ രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നതിനും ആയതിനനുസരിച്ച് പ്രവർത്തിക്കുന്നതിനും ബാങ്കിന് വീഴ്ച പറ്റിയതായി കാണുന്നു. ഇക്കാര്യം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് മോണിറ്ററിംഗ് കമ്മിറ്റിക്ക് കഴിയുകയും ചെയ്തിട്ടില്ല.

എച്ച്) കരാർ വ്യവസ്ഥ (7) പ്രകാരം കൊയ്ത്ത് മെതി യന്ത്രം കർഷകർ വാടകയ്ക്ക് കൊണ്ടുപോകുമ്പോൾ സ്വന്തം ചെലവിൽ കൊണ്ടുപോകേണ്ടതും ആവശ്യം കഴിഞ്ഞാൽ സ്വന്തം ചെലവിൽ തന്നെ കേടുപാടുകൾ കൂടാതെ തിരിച്ചെത്തിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ യന്ത്രം ദീർഘദൂര സ്ഥലങ്ങളിലേക്ക് പോയ അവസരങ്ങളിൽ (ഉദാ- ആലപ്പുഴ പോയതിന് രൂപ 21,000) ബാങ്ക് തന്നെ വണ്ടി വാടക നൽകിയതായി കാണുന്നു. ഇത്തരത്തിൽ അധികം നൽകിയ തുകകൾ കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

ഐ) വാഹനം സുരക്ഷിതമായി സൂക്ഷിക്കേണ്ടത് ബാങ്കിന്റെ ഉത്തരവാദിത്വമാണെന്ന് കരാർ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഷെഡ് വാടക എന്ന ഇനത്തിൽ മാസംതോറും 1600 രൂപ ഈടാക്കിയിട്ടുണ്ട്. ആയത് കരാർ പ്രകാരം വ്യവസ്ഥ ചെയ്യുകയോ മുൻകൂട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ അനുമതി തേടുകയോ ചെയ്തിട്ടില്ല.

ജെ) കൊയ്ത്ത് മെതി യന്ത്രത്തിന്റെ സുഗമമായ പ്രവർത്തനവും മോണിറ്ററിംഗും ഉറപ്പ് വരുത്തുന്നതിനായി ഒരു സബ്കമ്മിറ്റി രൂപീകരിച്ചിരുന്നുവെങ്കിലും ആയത് കാര്യക്ഷമമായി പ്രവർത്തിക്കുകയുണ്ടായില്ല.

കെ) 27 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ കൊയ്ത്ത് മെതി യന്ത്രം ഉപയോഗപ്പെടുത്താതെയിരിക്കുന്നത് ഓഡിറ്റ് സംവിധാനത്തിന് അനുവദിക്കാനാവില്ല. ഇക്കാര്യത്തിൽ ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിച്ച് കൊയ്ത്ത് മെതിയന്ത്രം ഉപയോഗപ്രദമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഖണ്ഡിക **(എ)** മുതൽ **(ജെ)** വരെയുള്ള അപാകതകൾക്ക് കൃത്യമായ മറുപടികൾ ലഭ്യമാക്കേണ്ട ം ബാങ്ക് കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെട്ട സാഹചര്യത്തിൽ സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഭാഗം – IV (II) - ഇതര ക്രമക്കേടുകൾ

1.ബ്ലോക്ക് പഞ്ചായത്ത് ആസ്തി സംരക്ഷണ പദ്ധതിയും സമഗ്ര മെയിന്റൻസ് പദ്ധതിയും തയ്യാറാക്കാത്തത് സംബന്ധിച്ച്.

ബ്ലോക്ക് പഞ്ചായത്ത് ആസ്തികൾ സന്ദർശിച്ചപ്പോൾ പലതിലും സമയബന്ധിതമായി മെയിന്റനൻസ് നടത്തപ്പെടാത്തതായി കാണാൻ കഴിഞ്ഞു. ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ആസ്തികൾ കൃത്യമായ മെയിൻറനൻസ് ലഭ്യമാവാതെ നശിച്ചുകൊണ്ടിരിക്കുന്നത് അംഗീകരിക്കാനാവില്ല.

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും ഇതുവരെ ആസ്തി സംരക്ഷണ പദ്ധതി സമഗ്രമായി തയ്യാറാക്കുകയോ ആസ്തികൾ സംരക്ഷിക്കുന്നതിൽ നടപടികൾ കൈക്കൊള്ളുകയോ ചെയ്തതായി കാണുന്നില്ല. സമഗ്രമായ ആസ്തി സംരക്ഷണ പദ്ധതിയും സമഗ്ര മെയിന്റനൻസ് പദ്ധതിയും തയ്യാറാക്കേണ്ടതും മെയിന്റനൻസ് ഗ്രാൻഡ് ആസ്തികളുടെ മെയിന്റനൻസിന് മാത്രം പ്രയോജനപ്പെടുത്തുന്ന തരത്തിൽ പദ്ധതികൾ ഏറ്റെടുത്ത് ആസ്തികൾ സംരക്ഷിക്കേണ്ടതുമാണ്.

2. വാഹനങ്ങളുടെ വിവരങ്ങൾ വീൽസ് സോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്യാത്തത് സംബന്ധിച്ച്.

ധനകാര്യ ഐടി സോഫ്റ്റ്വെയർ ഡിപ്പാർട്ട്മെൻറ് 22/10/2020 ലെ 59/2020 ഉത്തരവുപ്രകാരം സ്വന്തം വാഹനങ്ങൾ ,വാടകക്കെടുത്ത വാഹനങ്ങൾ, കോൺട്രാക്ട് വാഹനങ്ങൾ എന്നിവയുടെയും ആയതിന്റെ ഡ്രൈവർമാരുടെയും വിവരങ്ങൾ വീൽസ് എന്ന സൈറ്റിൽ അപ്ലോഡ് ചെയ്ത് ഓരോ മാസത്തെയും എല്ലാ ചെലവുകളും രേഖപ്പെടുത്തണം എന്ന് ഉത്തരവിറക്കിയിരുന്നു. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നിലവിലും ആയത് പാലിക്കുന്നതായി കാണുന്നില്ല. ആയതിന് ഉചിതമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3.ബ്ലോക്ക് പഞ്ചായത്ത് തല ഓഡിറ്റ് മോണിറ്ററിംഗ് സമിതി പ്രവർത്തിക്കാത്തത് സംബന്ധിച്ച്.

ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് മോണിറ്ററിംഗ് സമിതി നിലവിൽ പ്രവർത്തിക്കുന്നതായോ മിനിറ്റ്സ് സൂക്ഷിക്കുന്നതായോ കാണുന്നില്ല. മാസത്തിൽ ഒരു തവണ നിർബന്ധമായും വൈസ് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് മോണിറ്ററിങ് സമിതി ചേരേണ്ടതും നിർവഹണ ഉദ്യോഗസ്ഥരെ പൂർണ്ണമായും പങ്കെടുപ്പിച്ച് മുൻ വർഷങ്ങളിലുള്ള ഓഡിറ്റ് ഖണ്ഡികകൾക്ക് മറുപടി നൽകുന്നതിന് ശ്രമം നടത്തേണ്ടതുമാണ്. ഓഡിറ്റ് മോണിറ്ററിംഗ് സമിതിയിൽ നിലവിൽ ഏറ്റെടുക്കപ്പെട്ട പദ്ധതികളുടെ വിശകലനം നടത്തേണ്ടതും ഓഡിറ്റ് തലത്തിൽ ഭാവിയിൽ അപാകത വരാതിരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

4. പ്രവർത്തന സമിതികളുടെ പ്രവർത്തനം സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തന സമിതികളുടെ മിനിറ്റ്സുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു .

എ) പ്രവർത്തന സമിതികൾ ഒന്നും തന്നെ ബ്ലോക്ക് പഞ്ചായത്ത് തല മോണിറ്ററിംഗ് സമിതികൾ ആയി പ്രവർത്തിക്കുന്നതായി കാണുന്നില്ല.

ബി) ബ്ലോക്ക് പഞ്ചായത്ത് പ്രവർത്തന സമിതികൾ സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നില്ല. പട്ടികജാതി ഉപപദ്ധതി തയ്യാറാക്കി സമഗ്രമായ വികസനം തേടുന്നതിൽ വർക്കിംഗ് ഗ്രൂപ്പ് പട്ടികജാതി വികസനം പരാജയപ്പെട്ടു.

സി) ബ്ലോക്ക് പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകൾ പലപ്പോഴും പരമ്പരാഗതമായ പദ്ധതികളിലേക്ക് ഒതുങ്ങി തീരുമാനങ്ങൾ എടുക്കുന്നതായി കാണുന്നു. പുതിയ പദ്ധതികൾ ചർച്ച ചെയ്യുകയോ വിഭാവനം ചെയ്യുകയോ ആയതിനനുസരിച്ച് പാകപ്പെടുത്തുകയോ ചെയ്യുന്നില്ല.

ഡി) ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്ന പദ്ധതികൾ മറ്റുള്ള പദ്ധതികളുമായി സമന്വയിപ്പിക്കപ്പെടുന്നതായോ ആയത് ജനങ്ങൾക്ക് സമ്പൂർണ്ണമായ തലത്തിൽ എത്തുന്നതിന്

നടപടികൾ സ്വീകരിക്കുന്നതായോ കാണുന്നില്ല. 2024-25 കാലയളവിൽ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള പദ്ധതികളൊന്നും തന്നെ എംഎൽഎ, എംപി, എം.ജി.എൻ.ആർ.ഇ.ജി.എസ് എന്നിങ്ങനെ വിവിധ പദ്ധതികളുമായി ഏകോപിക്കപ്പെട്ടില്ല.

.

ഇ) ബ്ലോക്ക് പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളിൽ അംഗങ്ങളുടെ സാന്നിധ്യം കുറവായിരിക്കുന്നതായും വനിത അംഗങ്ങൾ ആവശ്യത്തിന് പങ്കെടുക്കാത്തതായും കാണുന്നു.

മേൽ ഖണ്ഡിക **(എ)** മുതൽ **(ഇ)** വരെയുള്ളതിന് ബ്ലോക്ക് പഞ്ചായത്ത് വിശദീകരണം ലഭ്യമാക്കേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. ബ്ലോക്ക് പഞ്ചായത്ത് മരാമത്ത് പ്രവർത്തികളിലെ അപാകത സംബന്ധിച്ച്.

എ. മരാമത്ത് പ്രവർത്തി ഫയലുകളിൽ പ്രവർത്തിയുടെ മുൻപിൻ ഫോട്ടോകൾ സൂക്ഷിക്കുന്നില്ല.

ബി. മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററി സമിതിയായി പ്രവർത്തിക്കുന്നില്ല.

സി. പൊതുമരാമത്ത് പ്രവർത്തി സൈറ്റുകളിൽ പലതിലും പ്രവർത്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ ബോർഡ് സ്ഥാപിച്ചിട്ടില്ല.

ഡി. മരാമത്ത് പ്രവർത്തികളിൽ ചെലവ് അനുവാദം വളരെ കുറവാണെന്ന് കാണുന്നു. ആയത് ബ്ലോക്ക് പഞ്ചായത്തിന്റെ ആകെ ചെലവ് കുറയുന്നതിന് വലിയ തോതിൽ കാരണമായിട്ടുണ്ട്.

ഇ. മരാമത്ത് പ്രവർത്തികളിൽ ചില പദ്ധതികൾ ഏറ്റെടുത്തതിൽ യഥാർത്ഥത്തിൽ സൈറ്റ് കണ്ടീഷൻ പ്രകാരം ഏറ്റെടുക്കപ്പെട്ട മേഖലയിൽ നടപ്പിലാക്കാവുന്നവ ആയിരുന്നില്ല.

ഉദാഹരണം. കുറ്റൂർ കായൽ ശുദ്ധജലയോഗ്യമാക്കൽ, തുപ്രങ്ങോട് അച്ചരിത്തോട് ശുദ്ധജലയോഗ്യമാക്കൽ.

മേൽ രണ്ട് പ്രവർത്തികളും ഏറ്റെടുത്തത് സേവന മേഖലയിൽ കുടിവെള്ളം എന്ന തലത്തിലും ഉപ മേഖല പൊതു കുടിവെള്ള പരിപാടികൾ എന്ന തലത്തിലും ആയിരുന്നു. എന്നാൽ സൈറ്റ് കണ്ടീഷൻ പ്രകാരം ആയത് കുടിവെള്ള പദ്ധതിയിൽ ഏറ്റെടുക്കാവുന്നത് ആയിരുന്നില്ല. ടി പദ്ധതികൾ പശ്ചാത്തല മേഖലയിൽ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതായിരുന്നു. മേലിൽ പദ്ധതികൾക്ക് അംഗീകാരം തേടുമ്പോൾ നിർവഹണ ഉദ്യോഗസ്ഥൻ ഗൗരവതരമായ ശ്രദ്ധ പുലർത്തണമെന്ന് നിർദ്ദേശിക്കുന്നു.

മേൽഖണ്ഡിക **എ** മുതൽ **ഇ** വരെയുള്ള നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6. കിളച്ചെടുത്ത മണ്ണ് കൂറവ് ചെയ്തില്ല പദ്ധതിയിൽ അധിക തുക ചെലവഴിച്ചു. ടി തുക തിരിച്ചു പിടിക്കേണ്ടത് സംബന്ധിച്ച്.

ബ്ലോക്ക് പഞ്ചായത്ത് മരാമത്ത് വിഭാഗം നിർവഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളിൽ കിളച്ചെടുത്ത മണ്ണ് നീക്കം ചെയ്ത ശേഷം ആയതിൽ കരാറുകാരന്റെ സ്വന്തം മണ്ണ് നിറച്ചതിന് തുക അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ കിളച്ചെടുത്ത മണ്ണ് കൂറവ് ചെയ്യാതെയാണ് ബിൽ തുക നൽകിയിട്ടുള്ളത്. ആയത് അനുവദിക്കാവുന്നതല്ല. ടി ഇനത്തിൽ അധികം നൽകിയ തുക കരാറുകാരിൽ നിന്ന് ഈടാക്കുകയും ആയതിന് സാധ്യമായിട്ടില്ലെങ്കിൽ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരിച്ചുപിടിക്കുകയും ചെയ്യേണ്ടതാണ്.

പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പുല്ലണി എസ് സി കോളനി റോഡ്, അടങ്കൽ 10 ലക്ഷം
2. മഠത്തിൽ പടി എസ് സി കോളനി സൈഡ് ഭിത്തി കെട്ടി സംരക്ഷണം. അടങ്കൽ 10 ലക്ഷം രൂപ.

മെയിൻ ഫയലുകൾ നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് അധികം നൽകിയ തുക തിരിച്ചുപിടിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. ഡ്രൈവർ ലഭ്യമായിരിക്കേ ആയതിന് അധിക തുക ചെലവഴിക്കുന്നത് സംബന്ധിച്ച്.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വാഹനം ഉപയോഗയോഗ്യമല്ലാതിരിക്കുകയും സർക്കാർ ശമ്പളം നൽകുന്ന ഡ്രൈവർ ലഭ്യമായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന്റെ വാഹനത്തിൽ താൽക്കാലികമായി ഡ്രൈവറെ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. ആയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. മുൻവർഷത്തെ ആഡിറ്റിലും ആയത് ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഇക്കാര്യത്തിൽ ഗൗരവതരമായ സമീപനം സ്വീകരിക്കേണ്ടതാണ്.

8) പ്രൊജക്ട് നമ്പർ 8/ 2025 കേരളോത്സവം

2024-25 സാമ്പത്തിക വർഷത്തെ കേരളോത്സവം നടത്തിപ്പിനായി 2.50 ലക്ഷം രൂപ വകയിരുത്തി 1,39, 370 രൂപ ചെലവഴിച്ചു. ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ .

എ) ലൈറ്റ് & സൗണ്ട്സ് ഇനത്തിൽ കവിത ലൈറ്റ് & സൗണ്ട്സിന് 44,785 രൂപ അനുവദിച്ചു നൽകി. എന്നാൽ തദ്ദേശ സ്ഥാപനങ്ങൾ പ്രൊക്യുയർമെന്റ് മാന്വൽ പ്രകാരം 5000 രൂപയ്ക്ക് മുകളിലുള്ള തുകയ്ക്കും സ്റ്റോർ പർച്ചേഴ്സ് പ്രകാരം 15000 രൂപയ്ക്ക് മുകളിലുള്ള തുകയ്ക്കും ക്വട്ടേഷൻ ക്ഷണിക്കേണ്ടതുണ്ട്. എന്നാൽ ലൈറ്റ് & സൗണ്ട്സ് തുക അനുവദിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

ബി) 1000 രൂപയ്ക്ക് മുകളിലുള്ള തുകകൾ ഗുണഭോക്താക്കൾക്ക് അനുവദിക്കുമ്പോൾ അക്കൗണ്ട് മുഖേന തുക നൽകേണ്ടതാണ്.

9) പ്രൊജക്ട് നമ്പർ 201/ 2025 വൃത്തി -2025 ദി ക്ലീൻ കേരള കോൺക്ലേവ്

2,00,000 രൂപ അടങ്കൽ വെച്ച ടി പദ്ധതി പ്രകാരം ശുചിത്വ മിഷന് 2,00,000 രൂപ വിഹിതം നൽകി . ആയതിന്റെ ധനവിനിയോഗ സാക്ഷ്യ പത്രം ശുചിത്വ മിഷനിൽ നിന്ന് ലഭ്യമാക്കിയതായി കാണുന്നില്ല.ആയത് ലഭ്യമാക്കി ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

10) പ്രൊജക്ട് നമ്പർ 118/2025 ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നവീകരണം

1,89,746 രൂപ അടങ്കൽ വെച്ച ടി പദ്ധതിക്ക് 67,928 രൂപ ചെലവഴിച്ചു. ARTCO യിൽ നിന്ന് Armed Cushion Chair 3 എണ്ണം വാങ്ങുന്നതിന് 19,602 രൂപയും മുൻ വർഷത്തെ പദ്ധതി നമ്പർ 91/2024 പ്രകാരം 3 Air Conditioner കൾ വാങ്ങുന്നതിന് ചെലവഴിച്ച 95,059/- രൂപയിലെ ബാക്കി തുക നൽകുന്നതിന് 48,326/- രൂപയും ചെലവഴിച്ചു. 3 Air Conditioner കളുടെയും സ്റ്റോക്ക് എൻട്രി സ്റ്റോക്ക് രജിസ്റ്ററിൽ വന്നിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ആയത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

11) പദ്ധതി വെക്കാതെ തുക ചെലവഴിച്ചത് സംബന്ധിച്ച്

എ) സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1209/2013/എൽ എസ് ജി ഡി തിയ്യതി: 06/05/2013 & സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1571/ 2023/ എൽ എസ് ജി ഡി തിയ്യതി: 03/08/2023 എന്നിവ പ്രകാരം We Care പദ്ധതിക്ക് വേണ്ടി 2 ലക്ഷം രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് ചെക്ക് നമ്പർ 101114 തിയ്യതി: 9/01/2025 പ്രകാരം തനത് ഫണ്ടിൽ നിന്ന് നൽകി . അത് പോലെ ചെക്ക് നമ്പർ 5085951 തിയ്യതി: 6/8/2024 പ്രകാരം 5 ലക്ഷം രൂപ CMDRF ലേക്ക് തനത് ഫണ്ടിൽ നിന്ന് കൈമാറി. എന്നാൽ ഈ 2 തുക കൈമാറിയതിനും പദ്ധതി ഏറ്റെടുത്തതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

ബി) വാഹന വാടക നൽകുന്നതിന് റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ RP 13 പ്രകാരം 8,02,756 രൂപ ചെലവ് കാണുന്നു. സുലേഖ ചെലവ് പത്രികയിൽ 7,03,453 രൂപ മാത്രമേ ചെലവ് രേഖപ്പെടുത്തിയിട്ടുള്ളു. ചെലവഴിച്ച മുഴുവൻ തുകയ്ക്കും പദ്ധതി ഏറ്റെടുത്തതായി കാണുന്നില്ല. മേലിൽ പദ്ധതി ഏറ്റെടുക്കുമ്പോൾ മുഴുവൻ തുകയ്ക്കും പദ്ധതി ഏറ്റെടുത്ത എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

12) വാഹന ലോഗ് ബുക്ക് സൂക്ഷിപ്പ് സംബന്ധിച്ച്.

ലോഗ് ബുക്ക് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

എ) ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന്റെ KL 55 AH 1439 നമ്പർ കാറിന്റെ ലോഗ് ബുക്കിൽ 2024 - 25 സാമ്പത്തിക വർഷത്തിൽ മാസാന്ത്യ സംഗ്രഹം (Monthly Abstract) പല മാസങ്ങളിലും രേഖപ്പെടുത്തിയതായി കാണുന്നില്ല. രേഖപ്പെടുത്തിയ മാസങ്ങളിലെ കണക്ക് പരിപൂർണ്ണവുമല്ല. വിശദീകരണം നൽകേണ്ടതും അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ബി) ഇന്ധന ഉപഭോഗക്ഷമത ടെസ്റ്റ് നടത്തി എത്രയും വേഗം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

13) ബ്ലോക്ക് പഞ്ചായത്ത് കില പരിശീലനത്തിന് ചെലവഴിച്ചതും റീ ക്രൂപ്പ് ചെയ്യാതെ അവശേഷിക്കുന്നതുമായ തുക സംബന്ധിച്ച്

ബ്ലോക്ക് പഞ്ചായത്ത് കില പരിശീലനത്തിന് മുൻ വർഷങ്ങളിൽ ചെലവഴിച്ചതും എന്നാൽ നിലവിലും റീ ക്രൂപ്പ് ചെയ്യാതെ 2,953 രൂപ അവശേഷിക്കുന്നതായി ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു. ടി തുക എത്രയും പെട്ടെന്ന് റി ക്രൂപ്പ് ചെയ്ത് തനത് ഫണ്ടിൽ അടവാക്കി ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

14) ഇ- ഓഫീസ് ഫയലുകൾ പരിപൂർണ്ണമാക്കാതെ സൂക്ഷിക്കുന്നത് സംബന്ധിച്ച്

ഇ ഓഫീസ് ഫയലുകൾ പരിശോധന നടത്തിയതിൽ പല ഫയലുകളും പരിപൂർണ്ണമാക്കിയതായി കാണുന്നില്ല. പല പദ്ധതി ഫയലുകളിലും അനുവദിച്ച തുക സുലേഖ ചെലവ് പത്രികയിലെ ചെലവ്

തുകയുമായി പൊരുത്തപ്പെടുന്നില്ല. പൊരുത്തക്കേടിന് കാരണമായി പറഞ്ഞത് വ്യത്യസ്ത തുകകൾ വ്യത്യസ്ത ഫയലുകളിൽ നിന്ന് ചെലവഴിച്ചത് കൊണ്ടാണെന്നാണ്. മേലിൽ തുക ചെലവഴിക്കുമ്പോൾ ഒരു പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾ മുഴുവൻ ഒരു ഫയലിൽ നിന്ന് തന്നെ അംഗീകരിക്കുന്നതിനും ചെലവഴിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

15) ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ/ഫയൽ സംബന്ധിച്ച്

എ) സബ്സിഡി മാർഗരേഖ പ്രകാരം നിലവിൽ ഫ്രണ്ട് എൻഡ് സബ്സിഡി ആയാണ് സബ്സിഡി അനുവദിക്കുന്നത്. 3,75,000 രൂപ വരെ ഒരു ഗ്രൂപ്പിന് ധനസഹായം നൽകുന്നുണ്ട്. അഡ്വാൻസ് ആയി ധനസഹായം നൽകിയതിനു ശേഷം ഗ്രൂപ്പ് വിഭാവനം ചെയ്ത രീതിയിൽ പ്രവർത്തിക്കുന്നുണ്ടോ, തുക കാര്യക്ഷമമായി വിനിയോഗിക്കപ്പെട്ടിട്ടുണ്ടോ എന്നുള്ള കാര്യങ്ങൾ നിലവിൽ കൃത്യമായി പരിശോധിക്കപ്പെടുന്നില്ല.

ബി) ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നത് അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ചാണോ എന്ന കാര്യത്തിൽ വ്യക്തതയില്ല. ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റ് ഫയലിലില്ല.
അർഹതാ മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടില്ല. എത്ര ഗുണഭോക്താക്കളുടെ അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും എന്ത് മാനദണ്ഡപ്രകാരമാണ് ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തത് എന്ന കാര്യത്തിലും വ്യക്തതയില്ല.

സി) മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നോ സർക്കാർ /ഇതര ഏജൻസികളിൽ നിന്നോ ധനസഹായം ലഭിച്ചിരുന്നുവോ എന്ന് പരിശോധിക്കപ്പെടുന്നില്ല. ആയതിന് ആവശ്യമായ രേഖകൾ ഗുണഭോക്താക്കളിൽ നിന്ന് വാങ്ങി സൂക്ഷിക്കുന്നില്ല.

ഡി) നിലവിൽ പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിന് പകരം പുതിയ സംരഭങ്ങൾ തുടങ്ങുന്നതിന് മുൻഗണന നൽകുവാൻ ഗുണഭോക്തൃ തെരെഞ്ഞെടുപ്പിൽ ശ്രദ്ധിക്കേണ്ടതാണ്.

ഇ) സമൂഹത്തിന്റെ താഴെതട്ടിലുള്ള ജനങ്ങൾക്ക് ഉപജീവനമാർഗമാകുന്ന തരത്തിലുള്ള സംരഭങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. ഗുണഭോക്തൃ തെരെഞ്ഞെടുപ്പിൽ കൃത്യമായ മാനദണ്ഡങ്ങൾ വെക്കേണ്ടതും ആയതിന് അനുസരിച്ച് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

എഫ്) വരവ് ചെലവ് കണക്കുകൾ ഗ്രൂപ്പുകൾ രേഖപ്പെടുത്തുന്നില്ല. വരവ് ചെലവ് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിന് വ്യവസായ വികസന ഓഫീസർ ഗുണഭോക്താക്കൾക്ക് നിർദ്ദേശവും ആവശ്യമെങ്കിൽ പരിശീലനവും നൽകേണ്ടതാണ്.

ജി) ധനസഹായം നൽകിയ സ്ഥലങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ധനസഹായത്താലാണ് പദ്ധതി എന്ന രേഖപ്പെടുത്തലുകൾ വരുന്നില്ല. ആയത് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

എച്ച്) വ്യവസായങ്ങളുടെ സമഗ്ര വികസനം വിഭാവനം ചെയ്ത സ്റ്റാർട്ട് അപ് വില്ലേജ് എന്ന പദ്ധതിക്കായി മുൻവർഷങ്ങളിലായി വൻതുകകൾ ചെലവഴിച്ചിട്ടും ആയത് പ്രയോജനപ്പെടുത്തുകയോ തുടർ പദ്ധതികൾ ഏറ്റെടുക്കുകയോ ചെയ്തതായി കാണുന്നില്ല. സ്റ്റാർട്ട് അപ് വില്ലേജ് പൊതുജനങ്ങൾക്ക് ഉപയുക്തമാക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഐ) കുറ്റ്യാടിയുള്ള മയൂരി പോൾട്രി ഫാം എന്ന സംരംഭകരെ ഓഡിറ്റിന്റെ ഭാഗമായി ഫോണിൽ അന്വേഷണം നടത്തിയതിൽ ടിയാളുകൾ നിലവിൽ പോൾട്രി ഫാം നടത്തുന്നില്ല. വനിതാ സംരഭകർക്കായി വിഭാവനം ചെയ്ത് നടപ്പിലാക്കിയ പദ്ധതി നിലവിൽ ആയത് പ്രകാരം വനിതകളല്ല പ്രവർത്തിപ്പിക്കുന്നത്.

ജെ) 2022-2023, 2023-2024, 2024-2025 സാമ്പത്തിക വർഷങ്ങളിൽ വ്യവസായ വികസന ഓഫീസർ വഴി നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ച് നിലവിൽ എത്ര സംരംഭങ്ങൾ

പ്രവർത്തിക്കുന്നുണ്ട്, യഥാർത്ഥ ഗുണഭോക്താക്കൾ തന്നെയാണോ സ്ഥാപനം നടത്തുന്നത്, വനിതാ ഗ്രൂപ്പ് , പട്ടിക ജാതി ഗ്രൂപ്പ് സംരംഭങ്ങൾ നൽകിയ തുകൾ വിഭാവനം ചെയ്ത രീതിയിൽ തന്നെയാണോ ചെലവഴിക്കപ്പെട്ടത് എന്നീ കാര്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ മേൽനോട്ടത്തിൽ പരിശോധിക്കേണ്ടതും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

16) സിഡിപിഒ നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികൾ/ഫയൽ സംബന്ധിച്ച്

എ) ഭിന്നശേഷി കലോൽസവം (പ്രൊജക്ട് – 19) പദ്ധതി പ്രകാരം 1,69,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ സൂക്ഷിപ്പ് കാര്യക്ഷമമല്ല. താഴെ ചേർക്കുന്ന ഇനങ്ങളിൽ വാങ്ങൽ നടപടിക്രമം പാലിക്കാതെ തുക ചെലവഴിച്ചു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ക്രമ നമ്പർ	തുക നൽകിയ സ്ഥാപനത്തിന്റെ പേര്	ചെലവഴിച്ച തുക	റിമാർക്സ്
1	കെ.വി കാറ്ററിംഗ്	54,000	ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല.
2	Kunjiraman clean o planet	49,250	കൃത്യമായ രീതിയിൽ ക്വട്ടേഷൻ സ്വീകരിക്കപ്പെട്ടിട്ടില്ല.
3	കവിത ലൈറ്റ് ആന്റ് സൌണ്ട്	22,435	ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

ബി) ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ സ്കൂട്ടർ (പ്രൊജക്ട് 25-2025)

പദ്ധതി രൂപീകരണ ഫോറം ക്രമനമ്പർ 28 പ്രകാരം ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കേണ്ടതാണ്. എന്നാൽ ഭിന്നശേഷിക്കാർക്ക്

സൈഡ് വീൽ സ്കൂട്ടർ എന്ന പദ്ധതിയിൽ ഗുണഭോക്തൃ തെരെഞ്ഞെടുപ്പിനെ പറ്റിയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നടപ്പിലാക്കിയപ്പോൾ കൃത്യമായ അർഹതാ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

ഉദാ- തലക്കടത്തൂർ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ക്രമ നമ്പർ (1), (2) എന്നിവരെ ഒഴിവാക്കി ക്രമനമ്പർ (3) ആയ പ്രിയ മാമ്പറ്റ എന്നവരെ തെരെഞ്ഞെടുത്തതിലും തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിലെ ക്രമനമ്പർ (1) സുമി, (2) മുഹമ്മദ് റാഫി എന്നീ ഗുണഭോക്താക്കൾക്ക് നൽകാതെ ക്രമനമ്പർ (3) ആയ രതി അമ്മാട്ടിപടി എന്ന വ്യക്തിയെയും ക്രമനമ്പർ (9) റമീസ് റോഷൻ എന്ന വ്യക്തിയെ തെരെഞ്ഞെടുത്തതിലും തലക്കാട് ഗ്രാമപഞ്ചായത്തിലെ ക്രമനമ്പർ (5) ആയ ഷെമീർ.ടി.സി എന്ന വ്യക്തിയെ തെരെഞ്ഞെടുത്തതിലും മാനദണ്ഡങ്ങൾ പാലിച്ചതായി കാണുന്നില്ല. മാനദണ്ഡങ്ങൾ പാലിക്കാതെ തുക ചെലവഴിക്കുന്നത് ബാധ്യതയാകുമെന്ന് ഓർമ്മപ്പെടുത്തുന്നു. വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

17) മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ/ഫയൽ സംബന്ധിച്ച്

പുറത്തൂർ, വെട്ടം എന്നീ സി.എച്ച്.സികളിലെ അധിക ജീവനക്കാർക്ക് വേതനം

മുൻ വർഷങ്ങളിലും ഓഡിറ്റ് ടീം സി.എച്ച്.സികളിലെ അധിക ജീവനക്കാർക്ക് വേതനം നൽകിയത് സംബന്ധിച്ച് സർക്കാറിൽ നിന്ന് സാധൂകരണം വാങ്ങിക്കുന്നതിന് വേണ്ടി നിർദ്ദേശിച്ചിരുന്നു. ഈ വിഷയത്തിൽ സാധൂകരണം വാങ്ങുന്നതിനായുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

ഭാഗം (V) : ഓഡിറ്റ് വേളയിൽ കണ്ടെത്തിയതും അപ്പോൾ തന്നെ പരിഹരിച്ചതുമായ അപാകതകൾ : ഇല്ല

ഭാഗം (VI) : ഓഡിറ്റിന് ഹാജരാക്കാതിരുന്ന രേഖകൾ

ഭാഗം (VII) : പ്രത്യേകം പരാമർശം അർഹിക്കുന്ന മികച്ച പ്രവർത്തനങ്ങൾ : ഇല്ല

മലപ്പുറം ജില്ലാ പെർഫോമൻസ്
ഓഡിറ്റ് ഓഫീസർക്ക് വേണ്ടി